***Malayala Manorama***
***30 August 2018***
***Thiruvananthapuram;Onam Exam, Flood***

# ഓണപ്പരീക്ഷ ഒഴിവാക്കൽ: തീരുമാനം ഇന്ന്



തിരുവനന്തപുരം● സ്കൂളുകളിലെ ഓണപ്പരീക്ഷ ഒഴിവാക്കുന്ന കാര്യത്തിൽ ഇന്നു തീരുമാനം ഉണ്ടാകും.

ഓണപ്പരീക്ഷ ഒഴിവാക്കി പകരം ക്ലാസ് പരീക്ഷ നടത്തുക, ഓണപ്പരീക്ഷയ്ക്കും ക്രിസ്മസ് പരീക്ഷയ്ക്കും പകരം അർധവാർഷിക പരീക്ഷ നടത്തുക എന്നീ നിർദേശങ്ങൾ സർക്കാരിനു മുന്നിലുണ്ട്. ഇതു സംബന്ധിച്ചു മന്ത്രി സി.രവീന്ദ്രനാഥ് ഇന്നു ചർച്ച നടത്തും. സംസ്ഥാന സ്കൂൾ കലോത്സവ തീയതിയുടെയും വേദിയുടെയും കാര്യത്തിൽ ഇന്നു ചേരുന്ന ക്വാളിറ്റി ഇംപ്രൂവ്മെന്റ് പ്രോഗ്രാം(ക്യുഐപി) മോനിട്ടറിങ് കമ്മിറ്റി യോഗത്തിൽ ധാരണയുണ്ടാകും.

പരീക്ഷയുടെ കാര്യം ഇന്നലെ ചർച്ച നടത്താനാണു മന്ത്രി രവീന്ദ്രനാഥ് നേരത്തേ തീരുമാനിച്ചിരുന്നതെങ്കിലും തൃശൂരിലെ ദുരിതാശ്വാസ ചുമതലയുള്ളതിനാൽ അദ്ദേഹം ഇന്നേ തലസ്ഥാനത്ത് എത്തുകയുള്ളൂ.